**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 185** **07-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക നില സംബന്ധിച്ച റിസർവ്വ് ബാങ്ക് റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ സാമ്പത്തിക നില ഗുരുതരാവസ്ഥയിലേക്ക് നീങ്ങുന്നതായി റിസർവ്വ് ബാങ്ക് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | റിസർവ് ബാങ്കിന്റെ 2022 ജൂൺ മാസത്തെ ബുള്ളറ്റിനിൽ State Finances : A Risk Analysis എന്ന പേരിൽ ഒരു article ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രീലങ്കൻ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഇൻഡ്യയിലെ ഋണബാദ്ധ്യതയുള്ള സംസ്ഥാനങ്ങൾ അഭിമുഖീകരിക്കുന്ന Fiscal risks –നെ കുറിച്ചുള്ള ലേഖനത്തിന്റെ അടിക്കുറിപ്പിൽ ലേഖനത്തിലെ അഭിപ്രായങ്ങൾ റിസർവ് ബാങ്കിന്റേതല്ലായെന്നും Authors –ന്റേതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത article –ൽ highly stressed സംസ്ഥാനങ്ങളുടെ അഞ്ചംഗ പട്ടികയിൽ ബീഹാർ, പഞ്ചാബ്, രാജസ്ഥാൻ, പശ്ചിമ ബംഗാൾ എന്നിവരോടൊപ്പം കേരളത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രധാനമായും Debt – GSDP അനുപാതം, GFD – GSDP അനുപാതം, Interest Payment (IP) – Revenue Receipt (RR) അനുപാതം എന്നീ സാമ്പത്തിക സൂചകങ്ങളെ അടിസ്ഥാനമാക്കിയാണ് മേൽ പട്ടിക തയ്യാറാക്കിയിട്ടുള്ളത്.<br><br>സംസ്ഥാനത്തിന്റെ കടബാദ്ധ്യത ഒരു തുടർച്ചയാണ്. ഇക്കാര്യത്തിൽ മുൻ വർഷങ്ങളിലെ ഈ ഇനത്തിലെ വർദ്ധനവ് പ്രസക്തമാണ്. 2010-11 –ൽ സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത 78673 കോടി രൂപയായിരുന്നത് 5 വർഷം കൊണ്ട് 100 ശതമാനത്തിന് മേൽ വർദ്ധിച്ച് 157370 കോടി രൂപയായി. ടി കാലയളവിലെ RD / GSDP, FD / GSDP ശരാശരി യഥാക്രമം 2.26% -ഉം 3.54% -ഉം ആയിരുന്നു. അതിന് മുമ്പുള്ള അഞ്ച് വർഷത്തെ ശരാശരി 1.83% -ഉം 3.04% -ഉം ആയിരുന്ന |

| | | | |
|---|---|---|---|
| | | | സ്ഥാനത്താണ് ഗണ്യമായ വർദ്ധനവ് 2011-16 കാലയളവിൽ ഉണ്ടായിട്ടുള്ളത്. എന്നാൽ പ്രളയം അടക്കമുള്ള പ്രകൃതി ദുരന്തങ്ങളും കോവിഡ്-19 മഹാമാരി മൂലമുള്ള പ്രതിസന്ധി ഉണ്ടായിട്ടും മൊത്തം കടബാദ്ധ്യതയിലെ വർദ്ധനവ് 2020-21 –ൽ 2015-16 –നെ അപേക്ഷിച്ച് 88.66% -ൽ പരിമിതപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.<br><br>നിർദ്ദിഷ്ട ലേഖനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിഗമനങ്ങൾക്ക് ആധാരമാക്കിയിട്ടുള്ള കണക്കുകളിൽ 2019-20 -ഉം 2020-21 –ഉം ഉൾപ്പെടും. ടി കാലയളവ് കോവിഡ്-19 മൂലം വളർച്ച മുരടിക്കുകയോ negative growth രേഖപ്പെടുത്തിയതോ ആയ സമയമാണ്. അത്തരമൊരു കാലയളവിലെ Debt-GSDP അനുപാതം കണക്കിലെടുത്ത് അനുമാനങ്ങളിലെത്തുന്നത് എത്രത്തോളം യുക്തിസഹമാണെന്നത് പരിശോധിക്കപ്പെടേണ്ടതാണ്.<br><br>കോവിഡിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്കുള്ള കടമെടുപ്പ് പരിധി വർദ്ധിപ്പിച്ച് നൽകിയ 2020-21 –ലെയും 2021-22 –ലെയും ധനകമ്മിയും കടബാദ്ധ്യതയും കണക്കിലെടുത്ത് ഭാവിയിലേയ്ക്കുള്ള സാമ്പത്തിക സൂചകങ്ങൾ തയ്യാറാക്കുന്നത്, ടി സാഹചര്യം തുടരാത്ത പശ്ചാത്തലത്തിൽ, എത്രത്തോളം relevant ആണെന്നതും ഈ അവസരത്തിൽ പ്രസക്തമായ ചോദ്യമാണ്.<br><br>Debt sustainability സൂചകമായി പരിഗണിക്കപ്പെടുന്ന Domar Stability condition (പലിശനിരക്ക് – GSDP വളർച്ച നിരക്ക്) കോവിഡ് മഹാമാരി മൂലം സമ്പദ്ഘടന മുരടിപ്പ് പ്രകടമാക്കിയ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലൊഴികെയുള്ള വർഷങ്ങളിൽ, സംസ്ഥാനം satisfy ചെയ്തിരുന്നതായി ടി ലേഖനത്തിൽ നിന്നു തന്നെ വ്യക്തമാണ്. കൂടാതെ കടത്തിന്റെ വിജയകരമായ പരിപാലനത്തിന് പരിഗണിക്കുന്ന GSDP growth, Debt growth differential നിർദ്ദിഷ്ട article –ൽ പരാമർശിച്ചത് കണക്കിലെടുത്താൽ മേൽ രണ്ട് വർഷങ്ങളിലൊഴികെ മെച്ചപ്പെട്ട നിലയിലാണുള്ളത്. |
| (ബി) | സംസ്ഥാനത്തിന്റെ പൊതുകടം നിശ്ചിത ക്രമത്തിൽ നിലനിർത്തണമെന്ന നിർദ്ദേശം പ്രസ്തുത റിപ്പോർട്ടിലുണ്ടോ; | (ബി) | ലേഖനത്തിൽ ചൂണ്ടിക്കാട്ടിയ പ്രശ്നങ്ങൾക്ക് പരിഹാരമെന്നോണം പ്രധാനമായും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങളാണ് ലേഖകർ മുന്നോട്ട് വച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | 1. Non-merit goods –മേലുള്ള റവന്യൂ ചെലവുകൾ വെട്ടിക്കുറയ്ക്കുക.<br>2. കടത്തിന്റെ തോത് stabilize ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.<br>3. മൂലധന ചെലവ് ഉയർത്തുക<br><br>Fiscal risk / Stress വിശകലനം ചെയ്ത് ആവശ്യമായ നടപടികൾ കൈക്കൊള്ളുക |
| (സി) | സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി റവന്യൂ ചെലവുകൾ കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം മാത്രം ലാക്കാക്കി ഏതെങ്കിലും ചെലവുകൾ അപ്പാടെ വെട്ടിക്കുറയ്ക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. കോവിഡ് മഹാമാരിയെ തുടർന്ന് നിശ്ചലാവസ്ഥയിലായ സമ്പദ് വ്യവസ്ഥ അതിൽ നിന്നും ക്രമേണ മുക്തമായി തുടങ്ങുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്നും 11.03.2022-ൽ നിയമസഭയിൽ table ചെയ്ത Medium Term Fiscal Policy & Strategy Statement with Medium Term Fiscal Plan for Kerala പ്രകാരം സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനം നടപ്പ് വർഷം മുതൽ രണ്ടക്ക വളർച്ച രേഖപ്പെടുത്തുമെന്നുമാണ് കണക്കുകൂട്ടുന്നത്. |

സെക്ഷൻ ഓഫീസർ